പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1267

05.03.2020-ൽ മറുപടിക്ക്

## മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. ഷാനിമോൾ ഉസ്മാൻ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധനയാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകാമോ; | (എ) | 2018-19 സാമ്പത്തികവർഷം മുതൽ മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കിയും വരികയാണ്. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.5 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുക. 2018-19 -ൽ ആദ്യഘട്ടമായി ഹള്ളിന് മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനാണ് ഉത്തരവായിരുന്നത്. 2018-19 -ൽ 647 മത്സ്യബന്ധന യാനങ്ങൾ ഗുണഭോക്താകളാകുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 4 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് വർഷം ഹള്ളിനും, എഞ്ചിനും കൂടി ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുന്നതിനാണ് ഉത്തരവായിട്ടുള്ളത്. നിലവിൽ ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്ന് വരികയാണ്. |

<table>
<tr>
<td>(ബി)</td>
<td>ഏത് ഇൻഷുറൻസ് കമ്പനി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുക; ഈ പദ്ധതിയുടെ കീഴിൽ പൂർണ്ണമായ നഷ്ടം കവർ ചെയ്യുന്നതിനുള്ള പദ്ധതിയുണ്ടോ;</td>
<td>(ബി)</td>
<td>യുണൈറ്റഡ് ഇൻഡ്യാ ഇൻഷുറൻസ് കമ്പനി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. പൂർണ്ണവും ഭാഗികവുമായ നഷ്ടത്തിന് ഇൻഷുറൻസ് കവറേജ് ലഭിക്കും.</td>
</tr>
<tr>
<td>(സി)</td>
<td>ഈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന പ്രക്രിയ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;</td>
<td>(സി)</td>
<td>2018-19 സാമ്പത്തിക വർഷം ടി പദ്ധതിയിൽ 647 ഗുണഭോക്താക്കൾ അംഗമായിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. നടപ്പ് വർഷം ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടികൾ അവസാന ഘട്ടത്തിലാണ്.<br>
<table>
<tr><th></th><th>2018-19</th></tr>
<tr><th>ജില്ല</th><th>ഗുണഭോക്താക്കളുടെ എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>371</td></tr>
<tr><td>കൊല്ലം</td><td>56</td></tr>
<tr><td>ആലപ്പുഴ</td><td>17</td></tr>
<tr><td>എറണാകുളം</td><td>33</td></tr>
<tr><td>കോഴിക്കോട്</td><td>20</td></tr>
<tr><td>കണ്ണൂർ</td><td>24</td></tr>
<tr><td>മലപ്പുറം</td><td>55</td></tr>
<tr><td>തൃശ്ശൂർ</td><td>55</td></tr>
<tr><td>കാസർഗോഡ്</td><td>16</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>പ്രകൃതി ക്ഷോഭം മൂലം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെടുന്ന മത്സ്യ തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?</td>
<td>(ഡി)</td>
<td>2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഭേദഗതി ആക്ട് (2018-ലെ 38-ാം ആക്ട്) 9 എ വകുപ്പിലെ 1-ാം ഉപവകുപ്പ് പ്രകാരം ദുരിത ബാധിത പ്രദേശത്തെയോ അല്ലാത്തതോ ആയ മത്സ്യത്തൊഴിലാളി ഗ്രാമത്തിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തി നായി ഉപയോഗിക്കുന്ന വലയ്ക്കോ പരമ്പരാഗതമോ യന്ത്രവൽകൃതമോ ആയ യാനങ്ങൾക്കോ കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾ മൂലമോ നഷ്ടമോ കേടുപാടുകൾ തീർക്കാനാവാത്ത വിധം അവയ്ക്ക് നാശമോ ഉണ്ടാവുകയോ ചെയ്തിട്ടുള്ളതായി ജില്ലയിലെ ബന്ധപ്പെട്ട ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കമ്മീഷന് റിപ്പോർട്ട് ചെയ്യുന്ന പക്ഷം വായ്പ തിരിച്ചടവ് സംബന്ധിച്ച കടാശ്വാസത്തിന്റെ പരിധി കാലാകാല ങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി</td>
</tr>
</table>

| | | |
|---|---|---|
| | | നിശ്ചയിക്കുന്ന പരമാവധി തുകയിൽ കവിയാതെ ഏറ്റെടുക്കുന്നതിന് കമ്മീഷന് സർക്കാരിനോട് ശുപാർശ ചെയ്യാവുന്നതാണ്. ടി വകുപ്പിലെ 2-ാം ഉപവകുപ്പ് പ്രകാരം നഷ്ടപ്പെട്ടതോ കേടു പാടുകൾ തീർക്കാനാവാത്തവിധം നാശം സംഭവിച്ചതോ ആയ മത്സ്യബന്ധന ഉപകരണങ്ങൾക്ക് പകരം പുതിയവ സ്വായത്തമാക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് പുതിയ വായ്പ അനുവദിക്കുന്നതിന് കമ്മീഷന് ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന് ഉത്തരവ് നൽകാവുന്നതും ആയതിൻ പ്രകാരം ബന്ധപ്പെട്ട സംഘം പുതിയ വായ്പ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. |

**സെക്ഷൻ ഓഫീസർ**